(സി) ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങൾ ഇനിയും നീങ്ങേണ്ടതായിട്ടുണ്ട് ; പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ; വിശദമാക്കുമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാറിലെ പുതിയ ഡാമിന്റെ നിർമ്മാണത്തിന് ആവശ്യമായ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേ ചെയ്ത് പുതിയ ഡാമിനു വേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾകൊണ്ട് പുതിയ ഡാമിന്റെ രൂപകല്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത് കരട് ഡി.പി.ആർ., ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി. തയ്യാറാക്കിയ കരട് DPR-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിനകം അന്തിമ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

(ബി) കരട് ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് എസ്റ്റിമേറ്റ് തുക 58,500 ലക്ഷം രൂപയാണ്. അന്തിമ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ തുകയ്ക്ക് മാറ്റം വരാവുന്നതാണ്.

(സി) മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട കേസ് സുപ്രീം കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലായതുകൊണ്ട് വിധി വന്നതിനുശേഷമേ പുതിയ ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കേസ് ഇപ്പോൾ സുപ്രീം കോടതി ഡിവിഷൻ ബഞ്ചിന്റെ നിർദ്ദേശാനുസരണം നിയോഗിച്ച എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയിലാണ്. എംപവേർഡ് കമ്മിറ്റി മുമ്പാകെ ലഭ്യമായ എല്ലാ തെളിവുകൾ സമർപ്പിച്ചും കേരള സർക്കാരിന്റെ ഭാഗം വ്യക്തമായി അവതരിപ്പിക്കുന്നതിന് സുപ്രീം കോടതിയിലെ പ്രഗത്ഭരായ അഡ്വക്കേറ്റുമാരെ നിയോഗിച്ചും നിയമപരമായും ഭരണപരമായും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

മലയാളഭാഷാ വികസനത്തിന് സ്വീകരിച്ച നടപടി

3 (1526) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളഭാഷാ വികസനത്തിനു സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ വകുപ്പുകളിലാണ് ഭരണഭാഷ മലയാളമാക്കിയതെന്നും, ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയാളഭാഷ വികസനത്തിനു സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

(i) വിവിധ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ എഴുപത് സർക്കാർ വകുപ്പുകളിലും മുപ്പത്തിയൊൻപത് പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ii) സർക്കാർ വകുപ്പുകളിലെ ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കായി ഔദ്യോഗികഭാഷാ പരിശീലന പരിപാടി ഐ.എം.ജി.യുടെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

(iii) സർക്കാർ വകുപ്പുകളിൽ നിലവിലുള്ള കോഡുകൾ, മാനുവലുകൾ, ചട്ടങ്ങൾ, ഹാറങ്ങൾ എന്നിവ ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേയ്ക്ക് അതാത് വകുപ്പുകൾ തർജിമ ചെയ്യുകയും അവയുടെ സൂക്ഷ്മ പരിശോധന ഔദ്യോഗിക ഭാഷാ വകുപ്പ് നിർവ്വഹിക്കുകയും ചെയ്തു വരുന്നു.

(iv) വിവിധ സർക്കാർ വകുപ്പുകളിലെ ഇംഗ്ലീഷ് ടൈപ്പ്റൈറ്ററുകളുടെ ക്രമീകരണം സംബന്ധിച്ച നടപടികൾ കൈക്കൊണ്ടു വരുന്നു.

(v) മലയാളം കമ്പ്യൂട്ടിംഗിന്റെ ഭാഗമായി സി-ഡിറ്റിന്റെ സഹായത്തോടെ നിള, കാവേരി എന്നീ സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(vi) ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി താലൂക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ ഔദ്യോഗികഭാഷാ സമിതിയും ഉന്നതതല സമിതിയും നിലവിലുണ്ട്.

(vii) ഔദ്യോഗിക രംഗത്ത് ഭരണഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് ഭരണഭാഷാ പുരസ്ക്കാരങ്ങൾ നൽകി വരുന്നു. സംസ്ഥാന തലത്തിൽ 10,000 രൂപ ഒന്നാം സമ്മാനവും 5,000 രൂപ രണ്ടാം സമ്മാനവും സത്സേവന രേഖയും നൽകുന്നു. ജില്ലാ തലത്തിൽ 5,000 രൂപയും സത്സേവന രേഖയും നൽകിവരുന്നു. താലൂക്ക് തലത്തിൽ ഏറ്റവും കൂടുതൽ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്ന സർക്കാർ ജീവനക്കാരന് സത്സേവന രേഖയും, പൂർണമായും ഭാഷാമാറ്റം ആദ്യം കൈവരിക്കുന്ന വകുപ്പിനും ജില്ലയ്ക്കും പുരസ്ക്കാരവും ഏർപ്പെടുത്തിയിട്ടുണ്ട്.

(viii) ഏഴു വകുപ്പുകളിൽ നിലവിലുള്ള സാങ്കേതിക പദങ്ങൾക്ക് സമാനമായ മലയാളപദങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വകുപ്പുതല പദകോശം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പദകോശം തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(ix) എല്ലാ വർഷവും നവംബർ ഒന്ന് മലയാള ദിനമായി സംസ്ഥാന തലത്തിലും, നവംബർ ഒന്ന് മുതൽ ഏഴ് വരെ ഭരണഭാഷാവാരമായി ജില്ലാ തലത്തിലും ആഘോഷിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(x) ഭരണഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പൊതുനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്:

(i) സർക്കാർ ഓഫീസിന്റേയും, ഓഫീസർമാരുടേയും പേരുകളും, സർക്കാർ വാഹനങ്ങളുടെ ബോർഡുകളും ഇംഗ്ലീഷിനൊപ്പം മലയാളത്തിലും പ്രദർശിപ്പിക്കണം.

(ii) ഭാഷാമാറ്റ പുരോഗതിയുടെ മേൽനോട്ടം വഹിക്കുന്നതിനായി നോഡൽ ഓഫീസർമാരെ നിയമിക്കണമെന്നും പരിഭാഷ സംബന്ധിച്ച് പരിഭാഷാസെല്ലുകൾ സ്ഥാപിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(iii) പൊതുജനങ്ങളിൽ നിന്നും മലയാളത്തിൽ ലഭിക്കുന്ന കത്തുകൾക്കും പരാതികൾക്കും മലയാളത്തിൽത്തന്നെ മറുപടി നൽകണമെന്നും, താഴെയുള്ള ഓഫീസുകളിൽ നിന്നും മറ്റും ലഭിക്കുന്ന മലയാളത്തിലുള്ള കത്തുകൾക്ക് മലയാളത്തിൽത്തന്നെ മറുപടി നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(iv) ഒഴിച്ചുകൂടാനാകാത്ത ഉത്തരവുകൾ (ഉദാ: അക്കൗണ്ടന്റ് ജനറലുമായുള്ള കത്തിടപാടുകൾ) ഒഴികെയുള്ള എല്ലാ സർക്കാർ ഉത്തരവുകളും മലയാളത്തിൽത്തന്നെ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) വകുപ്പുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.* സർക്കാർ ഉത്തരവുകൾക്കു വിരുദ്ധമായി ഈ വിഷയത്തിൽ ആരെങ്കിലും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഔദ്യോഗിക ഇടപാടുകൾ മലയാളത്തിൽ തന്നെ ആയിരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷ

4 (1527) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വകുപ്പുകളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കി എന്നറിയിക്കുമോ ;

(ബി) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) മലയാളം ഔദ്യോഗിക ഭാഷയാക്കാത്ത വകുപ്പുകളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ) നാളിതുവരെ 70 വകുപ്പുകളിൽ മലയാളഭാഷ ഔദ്യോഗിക ഭാഷയാക്കിയിട്ടുണ്ട്.

(ബി) എല്ലാ പഞ്ചായത്ത്-മുനിസിപ്പൽ ഭരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly